**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2155** | **22.01.2014**-ൽ മറുപടിയ്ക്ക്

# വിജിലൻസ് കേസ്സുകളിൽ പ്രതിചേർക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

| | **ചോദ്യം**<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | **മറുപടി**<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പോലീസ് ഉദ്യോഗസ്ഥർ വിജിലൻസ് കേസുകളിൽ പ്രതിചേർക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | 15 പോലീസ് ഉദ്യോഗസ്ഥർ |
| (ബി) | കൈക്കൂലി വാങ്ങുന്നതിനിടെ എത്ര പോലീസ് ഉദ്യോഗസ്ഥർ പിടിയിലായിട്ടുണ്ട് എന്നും അവർ ആരൊക്കെയാണെന്നും ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുവരാണെന്നും ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) | 10 പേർ. പേരു വിവരം അനുബന്ധം (I) ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | നടപടി വിവരങ്ങൾ അനുബന്ധം (II)ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

2155 / 21/01/15

**അനുബന്ധം-I**

# കൈക്കൂലി വാങ്ങുന്നതിനിടെ പിടിയിലായ പോലീസ് ഉദ്യോഗസ്ഥരുടെ പേരുവിവരം

1. **ശ്രീ.കെ.ആർ.വേണുഗോപാൽ,**
   പോലീസ് സബ് ഇൻസ്പെക്ടർ,
   കോവളം പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി.
2. **ശ്രീ.എസ്.നവാസ്,**
   സീനിയർ സിവിൽ പോലീസ് ഓഫീസർ (ഗ്രേഡ്),
   തുമ്പ പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി.
3. **ശ്രീ.ആർ.വിക്രമൻ,**
   അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ, (ഗ്രേഡ്),
   കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ, കൊല്ലം.
4. **ശ്രീ.വർഗ്ഗീസ് കുരുവിള**
   സീനിയർ സിവിൽ പോലീസ് ഓഫീസർ
   തൃക്കൊടിത്താനം പോലീസ് സ്റ്റേഷൻ, കോട്ടയം.
5. **ശ്രീ.എം.വി.ജോയ്**
   അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ
   ശാന്തൻപാറ പോലീസ് സ്റ്റേഷൻ, ഇടുക്കി.
6. **ശ്രീ.സെബാസ്റ്റ്യൻ.കെ.ഡി**
   അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ (ഗ്രേഡ്)
   മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ, കാസർഗോഡ്.
7. **ശ്രീ.ബാബു**
   സീനിയർ സിവിൽ പോലീസ് ഓഫീസർ
   കുമ്പള പോലീസ് സ്റ്റേഷൻ, കാസർഗോഡ്.
8. **ശ്രീ.പി.എസ്.മുഹമ്മദ് അഷ്റഫ്**
   പോലീസ് സബ് ഇൻസ്പെക്ടർ
   കോതമംഗലം പോലീസ് സ്റ്റേഷൻ, എറണാകുളം.
9. **ശ്രീ.രാമചന്ദ്രൻ**
   അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ (ഗ്രേഡ്)
   ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ, പാലക്കാട്.
10. **ശ്രീ.പി.സോമൻ**
    പോലീസ് സബ് ഇൻസ്പെക്ടർ
    തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ, കോഴിക്കോട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം-II**

1. **ശ്രീ.കെ.ആർ.വേണുഗോപാൽ, എസ്.ഐ (ജി1-66689/12)**

5/12/SRT നമ്പർ വിജിലൻസ് ട്രാപ്പ് കേസിൽ പ്രതിയായതിനെത്തുടർന്ന് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിൻ പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. 12.07.13 ൽ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചു. ടിയാൻ 30.09.13 ൽ സർവ്വീസിൽ നിന്നും വിരമിച്ചു. വിജിലൻസ് കേസിന്റെ അന്വേഷണം പുരോഗമിച്ചു വരുന്നു.

2. **എസ്.നവാസ്,എസ്.സി.പി.ഒ 9170 (G1-121441/12)**

വി.സി.4/12-ൽ ഉൾപ്പെട്ടതിനാൽ 02.12.2012-ലെ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിൻപ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വാചകീയാന്വേഷണത്തിന് ഉത്തരവായി. സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചു. വിജിലൻസ് കേസ് നടന്നു വരുന്നു.

3. **ആർ.വിക്രമൻ നായർ, ASI(G)(G1-26318/14)**

വി.സി 07/13/KLM നമ്പർ വിജിലൻസ് കേസിൽ ഉൾപ്പെട്ടതിനെത്തുടർന്ന് കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ 19.12.2013-ലെ എച്ച്1/44019/13/ക്യൂ നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു.

4. **വർഗ്ഗീസ് കരുവിള, എസ്.സി.പി.ഒ.കെ 5744 (G1-36407/13)**

വി.സി 2/12/KTM-ൽ പ്രതിയായതിനാൽ 20.11.2012-ലെ എച്ച്1/45703/12 കെ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു.

5. **എം.വി.ജോയ്,എ.എസ്.ഐ (ജി) (U 1538) (G1-105870/11)**

വി.സി. 3/11/IDK-ൽ ഉൾപ്പെട്ടതിനാൽ 27.09.2011 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ഇടുക്കി ജില്ലാ പോലീസ് മേധാവി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. വാചകീയാന്വേഷണത്തിന് ഡി.സി.ആർ.ബി ഡി.വൈ.എസ്.പി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

6. **സെബാസ്റ്റ്യൻ.കെ.ഡി, എ.എസ്.ഐ (ജി) (G1-85676/13)**

വി.സി 2/13/KSD-ൽ ഉൾപ്പെട്ടതിനാൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പാക്കുന്നതിന് കണ്ണൂർ റേഞ്ച് ഐ.ജി-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

7. **ബാബു, എസ്.സി.പി.ഒ 970 (G1-100709/11)**

വി.സി 2/11/KSD-ൽ ഉൾപ്പെട്ടതിനാൽ ഡി.ഒ.നം.346/11 ജി തീയതി 13.09.2011 പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വാചകീയാന്വേഷണത്തിന് ഡി.സി.ആർ.ബി ഡി.വൈ.എസ്.പിയെ ചുമതലപ്പെടുത്തിക്കൊണ്ട് കാസർകോഡ് ജില്ലാ പോലീസ് മേധാവി ഉത്തരവായി. ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

8. **പി.എസ്.മുഹമ്മദ് അഷ്റഫ്, എസ്.ഐ (G1-31988/13)**

വി.സി 8/12/EKM വിജിലൻസ് കേസിൽ ഉൾപ്പെട്ടതിനാൽ A2(a)11142/12 KOR തീയതി 22.12.12 പ്രകാരം കൊച്ചി റേഞ്ച് ഐ.ജി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. എന്നാൽ 10.12.13 ൽ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

9. **രാമചന്ദ്രൻ, എ.എസ്.ഐ (G), SCPO 3086 (G1-69167/12)**

വി.സി. 6/12/PKD-ൽ ഉൾപ്പെട്ടതിനാൽ 02.05.12 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വാചകീയാന്വേഷണത്തിന് ഉത്തരവായി. ടിയാനെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ട്.

10. **പി.സോമൻ, എസ്.ഐ (G1-110754/13)**

വി.സി 17/13/KKD-ൽ ഉൾപ്പെട്ടതിനാൽ A2(a)PR/62/13KR തീയതി 09.09.13 പ്രകാരം കണ്ണൂർ റേഞ്ച് ഐ.ജി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു.

സെക്ഷൻ ഓഫീസർ